ബൈബിൾ ചിത്രകഥ 13

# സോളമൻ

MAR LOUIS PUBLICATIONS



ബൈബിൾ ചിത്രകഥ-13

# സോളമൻ



രചന : മൈക്കിൾ കാരിമറ്റം

ചിത്രീകരണം : ദേവസി * ബെന്നി

# സോളമൻ

ദാവീദ് രാജാവിനു ബേത്ഷേബായിൽ ജനിച്ച രണ്ടാമത്തെ മകനാണു സോളമൻ. ബിസി 970 മുതൽ 931 വരെ അദ്ദേഹം ഇസ്രായേലിനെ ഭരിച്ചു. ദൈവം സോളമനെ അളവറ്റ ജ്ഞാനവും ഉൾകാഴ്ചയും നൽകി അനുഗ്രഹിച്ചുവെന്നും മൂവായിരം സുഭാഷി-തങ്ങളും 1500 ഗീതങ്ങളും അദ്ദേഹം രചിച്ചു എന്നും ബൈബിൾ (1 രാജാ. 4, 29 - 34) രേഖപ്പെടുത്തിയിരിക്കുന്നു. രണ്ടു സങ്കീർത്ത-നങ്ങളും (72, 127) സുഭാഷിതങ്ങൾ, സഭാ

പ്രസംഗകൻ, ഉത്തമഗീതം, ജ്ഞാനം, എന്നീ പുസ്തകങ്ങളും സോളമന്റെ പേരിൽ അറിയപ്പെടുന്നു. ബൈബിളിലും യഹൂദ പാരമ്പര്യത്തിലും സോളമൻറെ ജ്ഞാനത്തെ പുകഴ്ത്തുന്ന അനേകം സംഭവങ്ങൾ കാണാം. യേശു തന്നെ സോളമൻറെ ജ്ഞാനത്തെക്കുറിച്ചു പരാമർശിച്ചിട്ടുണ്ട് (മത്താ 6: 27, ലൂക്കാ 11: 31).

നിർമ്മാണ പ്രവർത്തനങ്ങളിലും ഭരണതന്ത്രത്തിലും സോളമൻറെ ജ്ഞാനം പ്രകടമാകുന്നു. ജെറുസലേമിൽ അതിമനോഹരമായ ഒരു ദേവാലയവും ദേശത്തുടനീളം കോട്ടകളും

ആയുധ സംഭരണശാലകളും അദ്ദേഹം നിർമ്മിച്ചു. വിദേശ രാജ്യങ്ങളുമായുള്ള സന്ധികൾ വഴി ദേശത്തു സമാധാനം ഉറപ്പുവരുത്തി. ഏതു ശത്രുവിനെയും നേരി- ടാൻ ശക്തമായൊരു സൈന്യത്തെ ഒരുക്കി- നിർത്തി, അതിവിപുലമായ നാവികസേന- യുടെ സഹായത്തോടെ വിദേശങ്ങളുമായുള്ള വാണിജ്യം അഭിവൃദ്ധിപ്പെടുത്തി. അക്കബാ ഉൾക്കടൽ തീരത്തുള്ള എസിയോൺ ഗേബറിൽ വിപുലമായ തോതിൽ ചെമ്പു ഖനനം നടത്തി. ഖനനത്തോടൊപ്പം മറ്റു വ്യവസായങ്ങളും അഭിവൃദ്ധിപ്പെട്ടു.

അങ്ങനെ ഇസ്രായേൽ വളരെ സമ്പന്നമായി. ശാസ്ത്രജ്ഞന്മാരെയും ചരിത്രകാരന്മാരെയും അദ്ദേഹം പ്രോത്സാഹിപ്പിച്ചു. ഇസ്രായേലിൻറെ ചരിത്രം എഴുതാൻ തുടങ്ങിയത് അദ്ദേഹത്തിന്റെ കാലത്താണ്. പുറമേ നിന്നു നോക്കുമ്പോൾ എല്ലാത്തരത്തിലും സമൃദ്ധിയുടെയും സമാധാനത്തിന്റെയും സുവർണ്ണദശയായിരുന്നു ഇസ്രായേലിനെ സംബന്ധിച്ചിടത്തോളം സോളമൻറെ ഭരണകാലം.

അല്പം കൂടി സൂക്ഷ്മമായി പരിശോധിച്ചാൽ ഇസ്രയേലിന്റെ തകർച്ചക്കു പ്രധാന

കാരണക്കാരൻ സോളമൻ തന്നെ ആയിരുന്നു എന്ന് കാണാം. രാജകൊട്ടാരത്തിലെ ഉപജാപത്തിലൂടെ രാജാവായ സോളമന് ദൈവത്തിൻറെ തെരഞ്ഞെടുപ്പോ ജനത്തിന്റെ അംഗീകാരമോ ആവശ്യമില്ലായിരുന്നു. പിതാവിൻറെ ദാനമായി രാജത്വം സ്വീകരിച്ച അദ്ദേഹം രാജ്യവും ജനങ്ങളും തന്റെ സ്വകാര്യ സ്വത്താണെന്നും താൻ ആർക്കും കണക്കു കൊടുക്കാൻ ബാധ്യസ്ഥനല്ല എന്നും കരുതി. ദൈവത്തിൽനിന്നും രാജാവ് അകലുന്നതിന്റെ തുടക്കമായിരുന്നു അത്. വിജാതീയ ഭാര്യമാരുടെ പ്രേരണയ്ക്കു

വഴങ്ങി സോളമൻ അന്യദേവന്മാരെ ആരാധിക്കാൻ തുടങ്ങി. അവർക്ക് വേണ്ടി ദേശത്തുടനീളം ക്ഷേത്രങ്ങൾ നിർമ്മിച്ചു. അങ്ങനെ ഇസ്രായേലിൽ വിഗ്രഹാരാധന ശക്തിപ്പെട്ടു.


നിർമ്മാണ പ്രവർത്തനങ്ങൾക്കു വേണ്ടി വന്ന ഭീമമായ തുകയിൽ നല്ല പങ്ക് ക്രൂരമായ നികുതി പിരിവിലൂടെയാണ് സോളമൻ സമ്പാദിച്ചത്. അതികഠിനമായ അടിമവേ-ലയും സോളമൻ ഏർപ്പെടുത്തി. രാജ്യത്തു സമാധാനവും സമൃദ്ധിയും ഉണ്ടായെങ്കിൽ

അത് രാജാവും പരിവാരങ്ങളും അടങ്ങുന്ന ഒരു ന്യൂനപക്ഷത്തിനു മാത്രമായിരുന്നു. സാധാരണ ജനത്തിനു ദുർവഹമായ ചുമടായിത്തീർന്നു ആ ഭരണം.

അനീതിയും വിഗ്രഹാരാധനയും നാട്ടിൽ നടമാടിയപ്പോൾ ദൈവം അയച്ച പ്രവാച-കന്മാർ രംഗത്തുവന്നു. രാജാവിനെതിരേ കലാപങ്ങൾക്ക് അവർ വഴിയൊരുക്കി. സാമന്ത രാജ്യങ്ങളിൽ നിന്ന് ശക്തമായി എതിർപ്പുകൾ ഉണ്ടായി. പലരും സ്വതന്ത്രരാ-വുകയും ചെയ്തു. ചുരുക്കത്തിൽ, പുകയുന്ന

ഒരഗ്നിപർവ്വതം പോലെയായി ഇസ്രായേൽ. സോളമൻറെ മരണത്തോടെ അതു പൊട്ടിത്തെറിച്ചു.

ദൈവത്താൽ പ്രത്യേകം അനുഗ്രഹീതനായിരുന്നെങ്കിലും അതിദയനീയമാം വിധം അധഃപതിച്ച ഒരു വ്യക്തിയാണ് സോളമൻ. അഹങ്കാരവും സുഖഭോഗാസക്തിയും വിഗ്രഹാരാധനയും അധികാരദുർവ്വിനിയോഗവും അദ്ദേഹത്തിൻറെ പതനത്തിനു കാരണമായി. "എല്ലാം മായ" എന്നു പറഞ്ഞുകൊണ്ട് ജീവിതത്തോട് വിടവാങ്ങുന്ന സോളമൻ നാശത്തിലേക്ക് നയിക്കുന്ന ഭൗതിക ജ്ഞാനത്തിന്റെ മകുടോദാഹരണമാണ്.


ദാവീദു രാജാവു വൃദ്ധനായി. അദ്ദേഹത്തെ പരിചരിക്കാൻ യുവതിയും അതീവസുന്ദരിയുമായ ഷൂനേംകാരി അബിഷാഗിനെ രാജസേവകന്മാർ കൊണ്ടുവന്നു.
തിരുമേനീ, ഈ മരുന്നു കുടിക്കു! സുഖമായി ഉറങ്ങാം. ഇതാ....
മരുന്ന്! ഓർമ്മകൾക്ക് അവധി കൊടുക്കാൻ പറ്റിയ മരുന്നാണെനിക്കു വേണ്ടത്. രാപകൽ എന്നെ വേട്ടയാടുന്ന ഓർമ്മകൾ.



കണ്ണു തുറന്നിരിക്കുമ്പോൾ പേടിപ്പെടുത്തുന്ന ഓർമ്മകൾ. കണ്ണടച്ചാൽ ഭീകര സ്വപ്നങ്ങൾ.
ധീരനായ രാജാവിനു ഭയമോ?
അലയടിച്ചു പതഞ്ഞുപൊങ്ങുന്ന രക്തക്കടലാണെൻറെ മുന്നിൽ. എനിക്കു ഭയം മരിച്ചവരെയാണ്. അല്ല, ഞാൻ കൊന്നവരെ.


അവരെല്ലാം ശത്രുക്കളായിരുന്നില്ലേ? ദൈവജനത്തിൻറെ ശത്രുക്കൾ?
എത്രയോ നിരപരാധികൾ! സാമ്രാജ്യ സ്ഥാപനത്തിനു വേണ്ടിയുള്ള നെട്ടോട്ടത്തിൽ ഞാൻ അരിഞ്ഞുവീഴ്ത്തിയവർ. അവരുടെ പ്രേതങ്ങൾ എനിക്കു സ്വസ്ഥത തരുന്നില്ല. ആകട്ടെ, ആ മരുന്നിങ്ങു തരൂ.


കർത്താവേ
കരുണ
തോന്നണമേ.


വൃദ്ധനായ ദാവീദിനു
രാജ്യകാര്യങ്ങളിൽ
ശ്രദ്ധിക്കാൻ കഴിഞ്ഞില്ല.
രാജകുമാരന്മാർക്കിടയിൽ
സിംഹാസനത്തിനു
വേണ്ടി
ഉപജാപങ്ങളുണ്ടായി.
അന്നൊരു ദിവസം
പ്രവാചകൻ നാഥാൻ
ബത്ഷേബയോട്:
അറിഞ്ഞില്ലേ,
അദോനിയാ ഇന്നു
സ്വയം രാജാവായി
പ്രഖ്യാപിക്കാൻ
പോവുകയാണ്.
അദോനിയായോ?
അപ്പോൾ മഹാരാജാവ്
എനിക്കു നൽകിയിരുന്ന
വാഗ്ദാനമോ?



രാജാവുണ്ടോ ഇതുവല്ലതും അറിയുന്നു! ഉടനെ എന്തെങ്കിലും ചെയ്തില്ലെങ്കിൽ നഷ്ടപെടുന്നതു സിംഹാസനം മാത്രമായിരിക്കില്ല.
നമ്മളൊക്കെ പിന്നെ രാജദ്രോഹികളായി പരിഗണിക്കപ്പെടും. പക്ഷേ എന്താണു ചെയ്യുക?
!


ഉടനെ രാജാവിനെ വിവരം ധരിപ്പിക്കണം. നിങ്ങൾ സംസാരിച്ചുകൊണ്ടിരിക്കു-മ്പോൾ ഞാൻ വന്നു സഹായിച്ചുകൊള്ളാം.



ഓ! ബത്ഷേബാ, വരൂ! എൻറെ അടുത്തിരിക്കൂ! നിനക്കും കുമാരൻ സോളമനും സുഖമോ?
ജീവൻ തന്നെ അപകടത്തിലായിരിക്കുന്ന ഞങ്ങൾക്കെന്തു സുഖം!
എന്താ അത്? അല്ല, നീ കരയുകയായിരുന്നോ?


അദോനിയാ രാജാവായി വാഴുമ്പോൾ ഞാൻ പിന്നെ എന്ത് ചെയ്യും?


അദോനിയാ രാജാവായെന്നോ? സോളമനെ രാജാവാക്കാനാണു ഞാൻ തീരുമാനിച്ചിരിക്കുന്നത്. ഞാൻ നിനക്കു വാക്കു തന്നിരുന്നതല്ലേ?
!
അത് അങ്ങ് ഓർക്കുന്നുണ്ടെങ്കിൽ മതി. അതാ നാഥാൻ പ്രവാചകൻ വരുന്നു. ഞാൻ പോകട്ടെ.


നാഥാൻ പ്രവാചകാ, ഞാനെന്താണീ കേൾക്കുന്നത്? അദോനിയാ...
ശരിയാണ്. മാസങ്ങളായി അദോനിയാ ഒരുങ്ങുകയായിരുന്നു. സേനാധിപൻ യൊവാബും പുരോഹിതൻ അബിയാഥറും അവൻറെ പക്ഷം ചേർന്നു. ഇന്നു രാവിലെ രാജവാഴ്ചയും കഴിഞ്ഞു. ഇപ്പോൾ രാജകുമാരന്മാർക്കു വിരുന്നു സല്ക്കാരമാണ്.
!?



എന്നാൽ കുമാരൻ സോളമനെ വിളിച്ചിട്ടില്ല. ഞാനും പുരോഹിതൻ സാദോക്കും സേനാധിപൻ ബനായായും അവഗണിക്കപ്പെട്ടു.
മഹാരാജാവേ അങ്ങയുടെ വിശ്വസ്ത സേവകരുടെയെല്ലാം ജീവൻ തുലാസിൽ തൂങ്ങുകയാണ്.



ഇല്ല. ഇത് ഞാൻ
അനുവദിക്കുകയില്ല.
സാദോക്കിനേയും
ബനായേയും വിളിക്കു!


ജയ് ജയ് രാജാ
സോളമൻ
ദാവീദിൻറെ
കല്പനയനുസരിച്ച് അവർ
സോളമനെ രാജാവായി
അഭിഷേചിച്ചു. രാജാവിൻറെ
കോവർകഴുതയുടെ പുറത്ത്
എഴുന്നള്ളിച്ചു.


അതേസമയം അദോനി-
യായുടെ പാളയത്തിൽ
എന്താണാ ആരവം? ഭൂമി പിളർക്കുന്ന ഈ അട്ടഹാസത്തിനു കാരണമെന്ത്? പിതാവു മരിച്ചതിൻറെ വിലാപമാണോ അത്?
വിലാപമല്ല. ആഹ്ലാദാരവ-മാണു കേൾക്കുന്നത്. അതാ പുരോഹിതപുത്രൻ ജോനാഥൻ വരുന്നു.
!!



വരൂ ജോനാഥൻ, എന്താണീ ആരവം?
സോളമനെ അവർ രാജാവാക്കി. മഹാരാജാവിൻറെ കഴുതപ്പുറത്ത് എഴുന്നള്ളിക്കുന്നു. ജനം മുഴുവൻ അവൻറെ പിന്നിലാണ്.
?!
നമ്മൾ നശിച്ചതു തന്നെ.


അദോനിയായുടെ കൂട്ടുകാർ ഓടിയൊളിച്ചു. അദോനിയാ ദേവാലയത്തിൽ അഭയം തേടി. ഇതറിഞ്ഞ സോളമൻ:
അദോനിയായോട് വീട്ടിൽ പോകാൻ പറയൂ. അവൻ നീതിമാനാണെങ്കിൽ അവൻറെ ഒരു തലമുടിനാരിനുപോലും കേടുവരില്ല.
!



വാഗ്ദാനങ്ങളിൽ
വിശ്വസ്തനായ കർത്താവേ,
എൻറെ ഒരു മകൻ
സിംഹാസനത്തിൽ
ഇരിക്കുന്നതു കാണാൻ
ഭാഗ്യം നൽകിയ അങ്ങേ
കാരുണ്യത്തിനു
സ്ത്രോത്രം.


മകനേ , ശ്രദ്ധിച്ചു കേൾക്കൂ. എൻറെ ശത്രുക്കൾ ആരെല്ലാമെന്നു നിനക്കറിയാം. അവർ ജീവിച്ചിരിക്കുന്നത് നിനക്കാപത്താണ്.



അവരോടെന്തു ചെയ്യണമെന്നു ജ്ഞാനിയായ നിന്നോട് ഞാൻ പറയേണ്ടതില്ലല്ലോ.
അങ്ങ് ഒന്നുകൊണ്ടും ഭയപ്പെടേണ്ട. ഞാൻ വേണ്ടതുപോലെ ചെയ്തുകൊള്ളാം.



ഏറെ താമസിയാതെ ദാവീദ് മരിച്ചു. ശവസംസ്കാരച്ചടങ്ങു കഴിഞ്ഞു രണ്ടുമാസത്തിനു ശേഷം.
അമ്മേ, വരൂ! എന്തുണ്ടു വിശേഷം?
!


ഞാൻ അദോനിയായ്ക്കു വേണ്ടി ഒരു ചെറിയ കാര്യം ചോദിക്കാൻ വന്നതാണ്.
എന്താണെന്നു പറഞ്ഞാലും.
രാജാവിൻറെ പരിചാരികയായിരുന്ന അബിഷാഗിനെ അവനു ഭാര്യയായി നൽകണം. അവളാണെങ്കിൽ ചെറുപ്പമാണ്. ഇപ്പോൾ അനാഥയും.
!!


അത്രയേ ഉള്ളോ? എന്താ, കിരീടംകൂടി ചോദിക്കാമായിരുന്നില്ലേ? അവനല്ലേ മൂത്തത്?
നീ എന്താ അങ്ങനെ പറയുന്നത്? ഒരു പരിചാരികയെ ചോദിക്കുന്നതിൽ എന്താണിത്ര അപാകത?
അബിഷാഗ് വെറുമൊരു പരിചാരികയല്ല. പിതാവിൻറെ അവസാനത്തെ ഭാര്യയാണ്. അവളെ വിവാഹം കഴിച്ചാൽ രാജാവകാശം അവനു ലഭിക്കും.
!?



ഇത്രവലിയ കെണിയാണ് അവൻ ഒരുക്കിയതെന്നു ഞാൻ അറിഞ്ഞില്ല.
അദോനിയാ, ഈ വഞ്ചനയ്ക്കു നീ മരിക്കണം. നിൻറെ രക്തം നിൻറെ തന്നെ തലയിൽ പതിക്കട്ടെ.



അദോനിയാ വധിക്കപെട്ട-
തറിഞ്ഞ യൊവാബ്
കർത്താവിൻറെ കൂടാരത്തിലെ
ബലിപീഠത്തിൻറെ കൊമ്പിൽ
പിടിച്ചുനിന്നു.
യൊവാബ് കൂടാരത്തിൽ
നിന്ന് ഇറങ്ങി വരാൻ
വിസമ്മതിക്കുന്നു.
എങ്കിൽ അവനെ അവിടെവച്ചുതന്നെ
വധിക്കൂ! അവൻ ചെയ്ത
അതിക്രമങ്ങൾക്കു സ്വന്തം രക്തം
കൊണ്ടു പരിഹാര ബലിയർപ്പിക്കട്ടെ.


അങ്ങനെ എതിരാളികളെ ഒന്നൊന്നായി സോളമൻ ഉന്മൂലനം ചെയ്തു. ഒരു ദിവസം സോളമന് സ്വപ്നത്തിൽ ഒരു ദർശനമുണ്ടായി.
സോളമൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. എന്തുവേണമെങ്കിലും ചോദിച്ചുകൊള്ളൂ.


കർത്താവായ ദൈവമേ, അങ്ങയുടെ വചനം ശ്രവിക്കുന്ന ഒരു ഹൃദയം എനിക്കു നൽകണമേ. അസംഖ്യമായ ഈ ജനത്തെ നീതിയോടെ ഭരിക്കാനുള്ള വിവേകവും എനിക്കു തന്നാലും.
നിൻറെ പ്രാർത്ഥന എനിക്കിഷ്ടമായി. സമ്പത്തും പ്രശസ്തിയും ഒന്നുമല്ലല്ലോ നീ ചോദിച്ചത്. നിന്നെ ഞാൻ ലോകത്തിലെ ഏറ്റവും വലിയ ജ്ഞാനിയാക്കും.


നീ എൻറെ കല്പനകളനുസരിച്ചു ജീവിച്ചാൽ നിൻറെ സിംഹാസനം എന്നേക്കും നിലനിൽക്കും. അളവില്ലാത്ത ധനവും അധികാരവും നിനക്കു ഞാൻ നൽകും.


സോളമൻറെ ജ്ഞാനവും വിവേകവും പ്രസിദ്ധമായി. അന്നൊരു ദിവസം.
മഹാരാജാവേ, ഇവൾ എൻറെ കുഞ്ഞിനെ അപഹരിച്ചു.
ഞങ്ങൾ രണ്ടുപേർക്കും ഓരോ ആൺകുട്ടികൾ ജനിച്ചു. മൂന്നു ദിവസത്തെ പ്രായവ്യത്യാസമേ ഉണ്ടായിരുന്നുള്ളു അവർ തമ്മിൽ.
തിരുമേനീ, അത് നുണയാണ്. ഇത് എൻറെ കുഞ്ഞാണ്.
!



ഒരു രാത്രിയിൽ ഉറക്കത്തിൽ ഇവൾ തൻറെ കുഞ്ഞിൻറെമേൽ കയറിക്കിടന്നു. കുഞ്ഞു മരിച്ചെന്നറിഞ്ഞപ്പോൾ എൻറെ കുഞ്ഞിനെ ഇവൾ എടുത്തു. നേരംവെളുത്തു കണ്ണുതുറന്നപ്പോൾ മരിച്ച കുട്ടിയാണ് എൻറെ അടുക്കൽ. എൻറെ കുട്ടിയെ എനിക്കു തിരിച്ചു തരണം.


മരിച്ചകുട്ടി അവളുടേതാണ്. ഇതാണ് എൻറെ കുട്ടി.
സേവകൻ, ഒരു വാൾ കൊണ്ടുവരൂ!
!!



ആ കുട്ടിയെ രണ്ടായി പിളർന്ന് ഓരോരുത്തർക്കും ഓരോ പകുതി കൊടുക്കു.
!
!?



മഹാരാജാവേ, കുട്ടിയെ കൊല്ലരുതേ, അവൾ തന്നെ എടുത്തോട്ടെ.
പകുതിയെങ്കിൽ പകുതി. എൻറെ കുഞ്ഞിനെ ഞാനങ്ങനെ വെറുതെ വിട്ടുകൊടുക്കില്ല.
!



തള്ളയ്ക്കു കുഞ്ഞിൻറെ ജീവനാണ് വിലപ്പെട്ടത്. പകുതി ചോദിച്ചവളെ തടവിലാക്കു.



സോളമൻ രാജ്യത്തെ പന്ത്രണ്ടു പ്രവിശ്യകളായി വിഭജിച്ചു. ജനങ്ങളിൽനിന്നു കനത്ത നികുതി ഈടാക്കി. കൊട്ടാര ചിലവിനാവശ്യ-മായവ ഓരോ മാസം ഓരോ പ്രവശ്യയിൽനിന്നു പിരിച്ചു.
എന്നാലും രാജകൊട്ടാരത്തിലെ ചിലവ് അപാരമാ. നൂറു മുട്ടാടുകളല്ലേ ഒരു ദിവസത്തേക്ക്.
അതിനു പുറമേ ഇരുപതു കാളയും പത്തു പോത്തും മുപ്പതു കലമാനും....
കോഴി - താറാവ് എന്നിവയുടെ കണക്ക് മറന്നുപോയോ?



ആയിരക്കണക്കിനു തേരുകളും
പതിനായിരക്കണക്കിനു
കുതിരപ്പടയാളികളുമായി
അതിശക്തമായൊരു
സൈന്യമുണ്ടായിരുന്നു സോളമന്.



അനേകം കപ്പലുകളടങ്ങുന്ന
ഒരു നാവികസേനയും
സോളമനുണ്ടായിരുന്നു.



ടയിർ രാജാവിൻറെ
അധീനതയിലായിരുന്ന
ലെബനോണിൽനിന്നു ദേവദാരുവും
കരുവേലകവും മുറിച്ചെടുത്തു
കടൽമാർഗ്ഗം കൊണ്ടുവന്നു.



വിശിഷ്ടമായ മരങ്ങളും
ചെത്തിയൊരുക്കിയ വലിയ
കല്ലുകളുംകൊണ്ട് ടയിറിൽ നിന്നുവന്ന
വിദഗ്ധരായ ശിൽപികളുടെ
നേതൃത്വത്തിൽ....



ഏഴു വർഷം കൊണ്ട് അതിമനോഹരമായ ഒരു ദേവാലയം നിർമ്മിച്ചു.



ദേവാലയപ്രതിഷ്ഠയ്ക്ക്
ഇസ്രായേൽജനം ഒരുമിച്ചു
കൂടി. 1,20,000 ആടുകളെയും
22,000 കാളകളെയും
ബലിയർപ്പിച്ചു.



സോളമൻ തനിക്കുവേണ്ടി
മനോഹരങ്ങളായ
കൊട്ടാരങ്ങൾ പണിതു.



നാട്ടിലെങ്ങും ബലിഷ്ഠങ്ങളായ
കോട്ടകളും സംഭരണശാലകളും
പണിത് രാജ്യം സുരക്ഷിതമാക്കി.


കരയും കടലും വഴി വിദേശവ്യാപാരം വികസിപ്പിച്ചു. ആനക്കൊമ്പ്, ചന്ദനം, മയിൽ, കുരങ്ങുകൾ, മുതലായവ ഇന്ത്യയിൽനിന്ന് അദ്ദേഹം വാങ്ങി.


സോളമൻ എഴുത്തുകാരെ
പ്രോത്സാഹിപ്പിച്ചു. ഇസ്രായേലിൻറെ
പാരമ്പര്യങ്ങൾ ശേഖരിച്ച് അവർ
ചരിത്രമെഴുതാൻ തുടങ്ങി. അങ്ങനെ
പഞ്ചഗ്രന്ഥത്തിൻറെ ഒരു ഭാഗം
'യാഹ്‌വേ പാരമ്പര്യം' രൂപം കൊണ്ടു.



ജന്തുശാസ്ത്രം, സസ്യശാസ്ത്രം മുതലായ പല ശാസ്ത്രങ്ങളും സോളമൻ പ്രോത്സാഹിപ്പിച്ചു.



രാഷ്ട്രമീമാംസയിലും നിയമസംഹിതകളിലും
അദ്ദേഹം വലിയ പ്രാവീണ്യം
നേടി. അനേകം ജ്ഞാനികൾ
അദ്ദേഹത്തിൻറെ സദസിനെ അലങ്കരിച്ചു.
ഫറവോ
അമിനോഫിസിൻറെ
നിയമപ്രകാരം....
അതിനേക്കാൾ
എത്രയോ
മെച്ചമാണു
ബാബിലോണിലെ
ഹമ്മൂരബിയുടെ
നിയമസംഹിത.
മോശ വഴി കർത്താവു
നല്കിയ നിയമങ്ങളുടെ
മുമ്പിൽ അവയെല്ലാം
നിഷ്പ്രഭങ്ങളല്ലേ?
!


മധ്യപൗരസ്ത്യ ദേശത്തെ ഏറ്റവും വലിയ ജ്ഞാനിയായിരുന്നു സോളമൻ. അനേകായിരം സൂക്തങ്ങളും ഗാനങ്ങളും രചിച്ചു. അദ്ദേഹത്തിൻറെ ജ്ഞാനം മനസിലാക്കാൻ ഷേബാരാജ്ഞി കാഴ്ചകളുമായി വന്നു.


അങ്ങയെക്കുറിച്ചു കേട്ടത് അതിശയോക്തിയാണെന്നു ഞാൻ വിചാരിച്ചു. എന്നാൽ യാഥാർഥ്യം കേട്ടതിൻറെ പത്തിരട്ടിയാണെന്ന് ഇപ്പോൾ മനസ്സിലായി.



അയൽരാജ്യങ്ങളുമായി സോളമൻ സമാധാന ഉടമ്പടികൾ ഉണ്ടാക്കി . രാജകുമാരിമാരെ ഭാര്യമാരായി സ്വീകരിച്ചു. ഈജിപ്തിലെ ഫറവോയുടെ മകളുമായുള്ള വിവാഹം.
ഈജിപ്തിൻറെ അധിപത്യത്തിലുള്ള ഗാസാ, ഗേസർ പ്രദേശങ്ങൾ വിവാഹസമ്മാനമായി ഞാൻ നൽകുന്നു.
നമ്മൾ എന്നും ബന്ധുക്കളും മിത്രങ്ങളുമായിരിക്കും.


വിജാതീയ ഭാര്യമാർ തങ്ങളുടെ ദേവന്മാരെയും പുരോഹിതന്മാരെയും ജറുസലേമിലേക്കു കൊണ്ടുവന്നു.



രാജഞിമാർ
ജറുസലേമിൽ
വിഗ്രഹാരാധന
പ്രചരിപ്പിച്ചു.


നിർമ്മാണപ്രവർത്തനങ്ങൾക്ക് ആവശ്യമായ പണത്തിൻറെ നല്ലൊരുഭാഗം നാട്ടിൽനിന്നു നികുതിയായി പിരിച്ചു.
നികുതി ബാക്കിയുള്ളതടച്ചില്ലെങ്കിൽ അടുത്തവർഷം നീ നിലമുഴേണ്ടി വരില്ല.
നിങ്ങളെന്താണീ ചെയ്യുന്നത്? കാളയെ കൂടാതെ ഞാനെങ്ങനെ നിലമുഴും?



സാമന്തരാജ്യങ്ങളിൽനിന്നും ഇസ്രയേലിൽനിന്നും നിർബന്ധിതവേലയ്ക്കായി അനേകലക്ഷം ആളുകളെ അടിമകളാക്കി.
എന്താടാ കഴുതേ നോക്കി നിൽക്കുന്നത്? വലിക്കടാ.
ഇതു കഷ്ടമാണേ.


കർത്താവു നൽകിയ ഭൂമിയിൽ ഇന്ന് നമ്മൾ അടിമകളായിരിക്കുന്നു.
കൊട്ടാരം പണിയാൻ നമ്മൾ, കൊട്ടാരത്തിൽ സുഖിക്കാൻ അവർ.


ഒന്നു പതുക്കെ പറ. കങ്കാണി കേട്ടാൽ തല പോയതുതന്നെ.
ഇനി ഈ തല ഇരുന്നിട്ടെന്തു കാര്യം?


അഹിയാ പ്രവാചകനെ ദൈവം സോളമൻറെ അടുക്കലേക്ക് അയച്ചു.
നീ ആരാണ്?
നീ എന്താണു ചെയ്യുന്നത്? എൻറെ ദാസനായ ദാവീദിൻറെ സിംഹാസനത്തെ നീ അശുദ്ധമാക്കിയിരിക്കുന്നു.
കർത്താവിൻറെ വചനം നിന്നെ അറിയിക്കുന്ന ശബ്ദം. എൻറെ വിശുദ്ധ നഗരത്തെ നീ വിഗ്രഹങ്ങൾകൊണ്ടു നിറച്ചു.


കർത്താവിനുവേണ്ടി ഞാൻ അതിമനോഹരമായ ദേവാലയം നിർമ്മിച്ചില്ലേ? പിന്നെ എൻറെ ഭാര്യമാർക്കുവേണ്ടി ചെറിയ ചില ക്ഷേത്രങ്ങൾ പണിതതിലെന്താ തെറ്റ്?


ഞാൻ മോചിപ്പിച്ച ജനത്തെ നീ അടിമകളാക്കി ചവിട്ടിയരച്ചു. അവർക്കു നീ നീതി നിഷേധിച്ചു. നിൻറെ സാമ്രാജ്യത്തോട് എനിക്ക് അവജ്ഞയാണ്. എൻറെ ദാസനായ ദാവീദിനെയോർത്ത് നിൻറെ കാലത്തു ഞാൻ അനർത്ഥം വരുത്തുകയില്ല. എന്നാൽ നിൻറെ മരണത്തിനുശേഷം നിൻറെ രാജ്യം തകർക്കും.

പ്രവാചകൻ പോയിക്കഴിഞ്ഞപ്പോൾ.





ജീവിതം
സുഖിക്കാനുള്ളതാണ്. ഞാൻ
അത് അവസാനം വരെ
ആസ്വദിക്കും.


സേനാധിപൻ സോളമൻറെ മുമ്പിൽ.
അങ്ങയുടെ പിതാവു വധിച്ച എദോം രാജാവായ ഹാദാദിന്റെ മകൻ ഈജിപ്തിൽനിന്നും മടങ്ങിവന്ന് എദോമ്യരെ അങ്ങേയ്ക്കെതിരായി ഇളക്കിവിടുന്നുണ്ട്.
ഇതറിഞ്ഞിട്ടു വെറുതെ ഇരിക്കുകയാണോ? അവനെ തിരഞ്ഞുപിടിച്ചു തൂക്കിലിട്.
അത്ര എളുപ്പമായിരിക്കില്ല. അവന് ഫറവോയുടെ പിന്തുണയുണ്ട്.
!?


സോളമൻറെ അടിമത്തലവനായിരുന്ന ജെറോബൊവാമിൻറെ അടുക്കലേക്ക് പ്രവാചകൻ അഹിയായെ കർത്താവയച്ചു.




നീയായിരുന്നു രാജാവെങ്കിൽ എന്തു ചെയ്യുമായിരുന്നു?
ആദ്യമേ അടിമവേല നിർത്തലാക്കി എല്ലാവർക്കും സ്വാതന്ത്ര്യം നൽകും.
!


ഇപ്പോൾ പറഞ്ഞതു മറക്കരുത്.
അങ്ങെന്താണീ പറഞ്ഞുവരുന്നത്?


ഇത് ഇസ്രായേലാണ്. ഇതിനെ ഞാൻ വലിച്ചു കീറി പത്തു ഗോത്രങ്ങൾ നിനക്കുതരും. ദാവീദിനെ ഓർത്തു യൂദാഗോത്രം മാത്രം അവൻറെ സന്തതികൾക്കായി ഞാൻ നിലനിർത്തും.
!?


ജെറോബൊവാം അടിമകളോടു കരുണ കാണിക്കാൻ തുടങ്ങി. ഈ സംഭവം അറിഞ്ഞ സോളമൻ:
ജെറോബൊവാമിനെ ഉടനെ ഹാജരാക്കൂ! അടിമകളെ നമുക്കെതിരായി തിരിച്ചുവിടാമെന്നു കരുതിയോ?
ഒരു പ്രവാചകൻ പറഞ്ഞിട്ടാണത്രെ.
പ്രവാചകനോ?


രാജസിംഹാസനത്തിനെതിരേ നാവ നക്കുകയോ കരമുയർത്തുകയോ ചെയ്യുന്നവർ ആരായാലും അവൻ മരിക്കണം.
അങ്ങനെയാണെങ്കിൽ ജീവിച്ചിരിക്കാൻ ആൾ കുറയും.
?



നീ എന്താണു സൂചിപ്പിക്കു-ന്നത്?
ജനം ഒന്നടങ്കം അസംതൃപ്തരാണ്. സൈന്യത്തിലുമുണ്ട് അസ്വസ്ഥത. യൂദാ ഗോത്രത്തെ മാത്രമേ ഇപ്പോൾ വിശ്വസിക്കാനാവൂ.
!?


എതിർക്കുന്നവരെ അടിച്ചമർത്തിയേ മതിയാകൂ! ചെങ്കോൽ എന്റെ കയ്യിൽനിന്നു വഴുതിപ്പോകാൻ ഞാൻ സമ്മതിക്കില്ല.

രാജകോപത്തെ ഭയന്ന് ജെറോബൊവാം ഈജിപ്തിലേക്കു പലായനം ചെയ്തു. സോളമൻറെ മരണത്തിനുവേണ്ടി കാത്തിരുന്നു. വർഷങ്ങൾ കഴിയുംതോറും സോളമന് സ്വന്തരാജ്യത്തുതന്നെ എതിരാളികൾ പെരുകി. വൃദ്ധനായ സോളമൻ കഠിനമായ മർദ്ദനമുറകളിലൂടെ വളരെ പണിപ്പെട്ടാണ് എതിർപ്പുകളെ ഒതുക്കിനിർത്തിയത്.




രാജ്യത്തിൻറെ കാര്യം പോകട്ടെ. ഞാൻ എന്തു നേടി? കൊട്ടാരങ്ങൾ, എന്നും വിരുന്നുകൾ, അന്തപുരത്തിൽ ആയിരത്തിലേറെ സുന്ദരികൾ, ആഗ്രഹിച്ച സുഖമെല്ലാം ഞാൻ അനുഭവിച്ചു. എന്നിട്ടെന്ത്?


ജീവിതം ആസ്വദിച്ച ഞാനും യാതനകൾ മാത്രം അനുഭവിച്ച അടിമകളും മരിക്കും. അത് കഴിഞ്ഞാൽ ശൂന്യത. എല്ലാം മായ.


ജീവിതം എത്രവേഗം കടന്നുപോയി! ശത്രുക്കളെ ഞാൻ തടഞ്ഞു നിർത്തി. എന്നാൽ മരണത്തെ ആർ തടഞ്ഞു നിർത്തും?


മായ - എല്ലാം മായ. മരണത്തിൽ അവസാനിക്കുന്ന ജീവിതം അർത്ഥശൂന്യം. ഇനി എൻറെ ചെയ്തികൾക്കെല്ലാം കർത്താവു കണക്കു ചോദിച്ചാലോ?


കണ്ണിമയ്ക്കുന്ന വേഗത്തിൽ കടന്നുപോയ സുഖത്തിനെന്തർത്ഥം? കർത്താവിനെ മറന്ന എൻറെ ജ്ഞാനം യഥാർത്ഥത്തിൽ ഭോഷത്വമല്ലേ? എൻറെ അപരാധങ്ങൾക്ക് ആർ മാപ്പുതരും?

സോളമൻറെ മരണത്തിനുശേഷം മകൻ റെഹാബോവാം രാജാവായി. അനീതിയിൽ പൊറുതിമുട്ടിയ ജനം വിപ്ലവം പ്രഖ്യാപിച്ചു. യൂദാഗോത്രം മാത്രം റെഹാബോവാമിന്റെ കൂടെ നിന്നു. ബാക്കി ഗോത്രങ്ങളെല്ലാം ഈജിപ്തിൽനിന്നു മടങ്ങിയെത്തിയ ജെറോബോവാമിനെ രാജാവായി സ്വീകരിച്ചു. അങ്ങനെ യൂദാ, ഇസ്രായേൽ എന്നീ രാജ്യങ്ങളുണ്ടായി. എന്നാൽ അനീതിയും വിഗ്രഹാരാധനയും പെരുകിയതേയുള്ളു. അധഃപതിച്ച മത-രാഷ്ട്രീയ നേതൃത്വത്തിനെതിരേ കർത്താവിൻറെ വചനം പ്രഘോഷിക്കാൻ കൊടുംകാറ്റിൻറെ ഊറ്റത്തോടെ അവൻ വന്നു.

അടുത്ത ചിത്രകഥ

# ഏലിയാ

# ചോദ്യങ്ങൾ

1. സോളമൻ രാജാവായ സാഹചര്യം വിശദീകരിക്കുക.
2. ബത്ഷേബായുടെ  ആദ്യത്തെ മകന് എന്ത് സംഭവിച്ചു?
3. സോളമൻ അദോനിയായെ  വധിക്കാൻ കാരണമെന്ത്?
4. സോളമൻ ദൈവത്തോട് എന്ത് അനുഗ്രഹമാണ്  യാചിച്ചത്?
5. സോളമൻറെ  പേരിൽ അറിയപ്പെടുന്ന ബൈബിൾ ഗ്രന്ഥങ്ങൾ ഏവ?
6. സോളമൻറെ ജ്ഞാനത്തെ  തെളിയിക്കുന്ന ഒരു സംഭവം വിവരിക്കുക.
7. ഇസ്രായേൽ രാജ്യത്തെ 12 പ്രവശ്യകളായി വിഭജിച്ചത്  എന്തിനു വേണ്ടി?
8. സോളമൻറെ  ഭരണത്തിൽ ജനം അസംതൃപ്തരാകാൻ കാരണമെന്ത്?
9. സോളമനെതിരെ കലാപത്തിനു പ്രേരിപ്പിച്ച  പ്രവാചകൻ ആര്?
10. സോളമൻറെ അധഃപതനത്തിന്റെ  കാരണങ്ങൾ ഏവ?

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും